# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5156 — 05-07-2012-ൽ മറുപടിക്ക്

### സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിവിധ വകുപ്പുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും 2012 മെയ് 31 ലെ കണക്ക് പ്രകാരം എത്ര രൂപകുടിശ്ശിക ഇനത്തിലും മറ്റും ലഭിയ്ക്കാനുണ്ട്; വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക 2012 മാർച്ച് 31 ലെ കണക്ക് പ്രകാരം 1300.81 കോടി രൂപയാണ്. വിശദമായ ലിസ്റ്റ് അനുബന്ധം 1-ൽ ചേർക്കുന്നു. 2012 മെയ് 31 പ്രകാരമുള്ള കണക്ക് ശേഖരിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വികരിച്ചത്; പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) വൈദ്യുതി മോഷണം തടയുന്നതിന് സംസ്ഥാനത്തൊട്ടാകെ 13 ആൻറി പവർ തെഫ്റ്റ് സ്ക്വാഡുകൾ, ഒരു ചീഫ് വിജിലൻസ് ഓഫിസറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. എ.പി.റ്റി സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ഡിജിറ്റൽ ക്യാമറ, അക്യുചെക്ക്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ്ങ്ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ |

| | |
|---|---|
| | സ്ഥാപിക്കുകയും മീറ്ററിൻെറ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് മീറ്റർ സീലുകൾ ഉപയോഗിക്കുകയും ചെയ്തു വരുന്നു. പ്രസ്തുത നടപടികൾ പര്യാപ്തമാണ്. |
| (സി) 2011 ജൂൺ മാസം 1-ാം തീയതി മുതൽ 2012 മെയ് മാസം 31-ാം തീയതിവരെ എത്ര വൈദ്യുതി മോഷണകേസുകൾ കണ്ടെത്തുകയുണ്ടായി; ആരെയെല്ലാമാണ് കുറ്റക്കാരായി കണ്ടെത്തിയത്; എത്ര തുക പിഴ ഈടാക്കി; വിശദാംശം നൽകാമോ? | (സി) 2011 ജൂൺ മാസം ഒന്നാം തീയതി മുതൽ 2012 മെയ് മാസം 31-ാം തീയതി വരെ 328 വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തുകയുണ്ടായി. ഇവരിൽ നിന്നും 1,97,10,028 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. (അനുബന്ധം 2). |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**